11260
19/5/17

കേരള സർക്കാർ

സംഗ്രഹം

പാർലമെന്ററികാര്യ വകുപ്പ് - 19.05.2017-ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിന്മേലുള്ള സർക്കാർ നിലപാട് - മന്ത്രിസഭാ തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പാർലമെന്ററികാര്യ (ബി) വകുപ്പ്

സ.ഉ.(സാ.ധാ) നം. 31/2017/പാ.കാ.വ — തീയതി, തിരുവനന്തപുരം, 18.05.2017

---

പരാമർശം : 1 )15.05.2017 -ലെ നിയമസഭാസെക്രട്ടറിയുടെ 1868/പി.എം.ബി.ആർ1/2017/നി.സെ.കത്ത്.
2).17.05.2017-ലെ മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പ്

## ഉത്തരവ്

**19.05.2017**-ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗികപ്രമേയങ്ങൾ ക്രമനമ്പർ 1), 3), 4) അനുകൂലിക്കേണ്ടതില്ലെന്നും ക്രമനമ്പർ 2) അന്തസത്തയോട് യോജിച്ച് കൊണ്ട് അനുകൂലിക്കേണ്ടതില്ലെന്നും പരാമർശം 2 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത അനൗദ്യോഗിക പ്രമേയങ്ങളിന്മേൽ താഴെ പറയും പ്രകാരം മന്ത്രിമാർ നിയമസഭയിൽ നിലപാട് സ്വീകരിക്കേണ്ടതാണ്:-

### ചർച്ചയ്ക്കുള്ള പ്രമേയങ്ങൾ

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | പ്രമേയം | വകുപ്പ് മന്ത്രിയുടെ പേര് | സ്വീകരിക്കേണ്ട നിലപാട് |
|---|---|---|---|---|
| 1 | ശ്രീ. സി. മമ്മൂട്ടി (05-05-2017-ൽ അവതരിപ്പിച്ചതും ചർച്ച പൂർത്തിയാകാത്തതുമായ പ്രമേയം) | "സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലും ലബോറട്ടറികളിലും മതിയായ യോഗ്യത യില്ലാത്ത ജീവനക്കാരെ നിയമിക്കുന്ന രീതി നിയന്ത്രിക്കുന്നതിനും, പരിശോധനയ്ക്കും ചികിത്സയ്ക്കും വേണ്ടി ഇത്തരം സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന രോഗികളിൽ നിന്നും ഒരു വ്യവസ്ഥയുമില്ലാതെ അമിതഫീസ് ഈടാക്കി ചൂഷണം ചെയ്യുന്ന സ്ഥിതി വിശേഷം നിയന്ത്രിച്ച് രോഗികൾക്കും അവരുടെ കുടുംബത്തിനും ആശ്വാസം നൽകുന്നതിനും, മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഉറപ്പ് വരുത്തുന്നതിനും, ആവശ്യമെങ്കിൽ നിയമനിർമ്മാണ മുൾപ്പെടെയുള്ള ശക്തമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ഈ സഭ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു." | ആരോഗ്യസാമൂഹ്യ നീതി വകുപ്പ് | അനുകൂലിക്കേണ്ടതില്ല |

| | | | | |
|---|---|---|---|---|
| 2 | ശ്രീ. എം. നൗഷാദ് | "വിവിധ വാണിജ്യകരാറുകൾ റബ്ബറുൾപ്പെടെയുള്ള നാണ്യവിളകളുടെ വിലയിൽ അസ്ഥിരതയുണ്ടാക്കുന്നത് കേരളത്തിന്റെ സമ്പദ്ഘടനയിൽ കനത്ത ആഘാതം ഏൽപിക്കുന്നു. റബ്ബറിന്റെ കാര്യത്തിൽ അന്താരാഷ്ട്ര കമ്പോള വിലയിലുണ്ടാകുന്ന കുറവിനനുസരിച്ച് വില കുറയ്ക്കുകയും എന്നാൽ അന്താരാഷ്ട്ര കമ്പോളത്തിൽ വില ഉയരുന്ന സാഹചര്യത്തിൽ രാജ്യത്തെ ടയർ വ്യവസായികളുടെ സംഘം ആഭ്യന്തര വിപണിയിലെ വില താഴ്ത്തി നിർത്തുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ഇടപെടൽ കാരണം റബ്ബറിന്റെ ഉൽപാദനത്തിൽ 12.9 ശതമാനം കുറവുണ്ടായി. വിലസ്ഥിരത ഫണ്ട് അനുവദിച്ചും ഇറക്കുമതി ചുങ്കം വർദ്ധിപ്പിച്ചും റബ്ബർ കർഷകരെ സംരക്ഷിക്കേണ്ട അടിയന്തിര സാഹചര്യത്തിൽ റബ്ബർ കർഷകർക്ക് ഗുണകരമായ രീതിയിൽ ദേശീയ റബ്ബർ നയം രൂപീകരിക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ ഇറക്കുമതി നിയന്ത്രിക്കണമെന്നും ഉൽപാദന ചെലവു കണക്കാക്കി റബ്ബറിന്റെ അടിസ്ഥാന വില പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു." | കൃഷി | അന്തഃസത്തയോട് യോജിച്ച് കൊണ്ട് അനുകൂലിക്കേണ്ടതില്ല |
| 3) | ശ്രീ. കെ.എസ്. ശബരീനാഥൻ | "ഐ.ടി. അധിഷ്ഠിത തൊഴിൽ മേഖലയിൽ പുതുതായി ഉണ്ടായിട്ടുള്ള ആഗോള മാറ്റങ്ങളും, സേവന നിയമങ്ങളും സൃഷ്ടിച്ചിരിക്കുന്ന തൊഴിൽ അസ്ഥിരതയും, തൊഴിൽ സാധ്യതാ കുറവും, ഈ മേഖലയിൽ തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കാത്തതു കൊണ്ടും ഇവിടെ പണിയെടുക്കുന്ന ലക്ഷക്കണക്കിന് ആളുകൾ കനത്ത പ്രതിസന്ധി നേരിടുകയാണ്. ഐ.ടി മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി സംസ്ഥാനത്തെ വിദ്യാസമ്പന്നരായ യുവജനങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള ആശങ്ക വളരെ വലുതാണ്. ഈ മേഖലയിലെ പ്രതിസന്ധി തരണം ചെയ്യുന്നതിനും യുവജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിനും കേന്ദ്ര / സംസ്ഥാന സർക്കാരുകളുടെ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാകണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു." | ബഹു.മുഖ്യമന്ത്രി | അനുകൂലിക്കേണ്ടതില്ല |

| | | | | |
|---|---|---|---|---|
| (4) | ശ്രീ. എൽദോ എബ്രഹാം | "സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ-കളുടെ നിലവാരം ഉയർത്തുന്നതിനും, ഐ.ടി.ഐ-കളിൽ പരിശീലനം കഴിഞ്ഞവർക്കുള്ള തൊഴിൽ സാധ്യതയും വ്യാവസായിക മേഖലയിൽ അവർക്ക് തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു" | തൊഴിലും എക്സൈസും | അനുകൂലിക്കേണ്ടതില്ല |

2. പ്രമേയം സംബന്ധിച്ച ഫയൽ ബന്ധപ്പെട്ട മന്ത്രിമാർക്ക് അടിയന്തിരമായി നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ടി.ഒ. സൂരജ്**
സെക്രട്ടറി

**ബന്ധപ്പെട്ട വകുപ്പുകൾക്ക്**
(ഈ വകുപ്പിന്റെ 15/05/2017-ലെ **പി.എ.ഡി-ബി1/43/2017-പി.എ.ഡി** നം. കത്ത് പ്രകാരം)
പൊതുഭരണ (എസ് സി) വകുപ്പ്
(17.05.2017-ലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം നം. പ്രകാരം

**പകർപ്പ്** :-ബന്ധപ്പെട്ട വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിക്ക്
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പാർലമെന്ററികാര്യ വകുപ്പ് സെക്രട്ടറിയുടെ പി.എ
പാർലമെന്ററികാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എ
സ്റ്റോക്ക് ഫയൽ
ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1475140/2017/OS-PAD

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 17-05-2017

ഫയൽ നം.പി.എ.ഡി.- ബി1/43/2017- പി.എ.ഡി. ഇനം നം: 1034

വിഷയം : പാർലമെന്ററി കാര്യ വകുപ്പ് - 19.05.2017-ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിന്മേലുള്ള സർക്കാർ നിലപാട് തീരുമാനിക്കുന്നത്.

തീരുമാനം : അനൗദ്യോഗിക പ്രമേയങ്ങൾ ക്രമ നമ്പർ 1), 3), 4) അനുകൂലിക്കേണ്ടതില്ലെന്നും ക്രമ നമ്പർ 2) അന്തഃസത്തയോട് യോജിച്ചുകൊണ്ട് അനുകൂലിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

സെക്രട്ടറി, പാർലമെന്ററി കാര്യ വകുപ്പ്

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | **പി.എ.ഡി-ബി1/43/2017-പി.എ.ഡി** |
| 2 | വകുപ്പ് | : | പാർലമെന്ററികാര്യ (ബി) വകുപ്പ് |
| 3 | വിഷയം | : | 19.05.2017 -ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിൽമേലുള്ള സർക്കാർ നിലപാട് തീരുമാനിക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിനു സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി; | : | 16.05.2017 |
| 5 | (I) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ; | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; | : | ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; | : | ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്; | : | ശ്രീമതി. ബി. ആർ. യമുന |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര്; | : | ശ്രീ.ടി. ഒ. സൂരജ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | 16.05.2017 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്; | : | ശ്രീമതി. നളിനി നെറ്റോ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | 16.05.2017 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്; | : | ശ്രീ.എ.കെ.ബാലൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി; | : | 16.05.2017 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി; | : | 17.05.2017 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി; | : | 17.05.2017 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും; | : | സ.ഉ(സാധാ) നം31 /17/ പാ.കാ.വ. തീയതി18.05.2017 |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

19.05.2017-ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിന്മേലുള്ള സർക്കാർ നിലപാട് തീരുമാനിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) 14-ാം കേരള നിയമസഭയുടെ 5-ാം സമ്മേളനത്തിൽ 19.05.2017 വെള്ളിയാഴ്ച സഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

ചർച്ചയ്ക്കുവരുന്ന പ്രമേയങ്ങളുടെ വിശദാംശങ്ങൾ താഴെക്കൊടുത്തിയിരിക്കുന്നു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | പ്രമേയം | വകുപ്പ് മന്ത്രിയുടെ പേര് |
|---|---|---|---|
| 1 | ശ്രീ. സി. മമ്മൂട്ടി (05-05-2017-ൽ അവതരിപ്പിച്ചതും ചർച്ച പൂർത്തിയാകാത്തതുമായ പ്രമേയം) | "സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലും ലബോറട്ടറികളിലും മതിയായ യോഗ്യത യില്ലാത്ത ജീവനക്കാരെ നിയമിക്കുന്ന രീതി നിയന്ത്രിക്കുന്നതിനും, പരിശോധനയ്ക്കും ചികിത്സയ്ക്കും വേണ്ടി ഇത്തരം സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന രോഗികളിൽ നിന്നും ഒരു വ്യവസ്ഥയുമില്ലാതെ അമിതഫീസ് ഈടാക്കി ചൂഷണം ചെയ്യുന്ന സ്ഥിതി വിശേഷം നിയന്ത്രിച്ച് രോഗികൾക്കും അവരുടെ കുടുംബത്തിനും ആശ്വാസം നൽകുന്നതിനും, മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഉറപ്പ് വരുത്തുന്നതിനും, ആവശ്യമെങ്കിൽ നിയമനിർമ്മാണ മുൾപ്പെടെയുള്ള ശക്തമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ഈ സഭ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു." | ആരോഗ്യസാമൂഹ്യ നീതി വകുപ്പ് |
| 2 | ശ്രീ. എം. നൗഷാദ് | "വിവിധ വാണിജ്യകരാറുകൾ റബ്ബറുൾപ്പെടെയുള്ള നാണ്യവിളകളുടെ വിലയിൽ അസ്ഥിരതയുണ്ടാക്കുന്നത് കേരളത്തിന്റെ സമ്പദ്ഘടനയിൽ കനത്ത ആഘാതം ഏൽപിക്കുന്നു. റബ്ബറിന്റെ കാര്യത്തിൽ അന്താരാഷ്ട്ര കമ്പോള വിലയിലുണ്ടാകുന്ന കുറവിനനുസരിച്ച് വില കുറയ്ക്കുകയും എന്നാൽ അന്താരാഷ്ട്ര കമ്പോളത്തിൽ വില ഉയരുന്ന സാഹചര്യത്തിൽ രാജ്യത്തെ ടയർ വ്യവസായികളുടെ സംഘം ആഭ്യന്തര വിപണിയിലെ വില താഴ്ത്തി നിർത്തുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ഇടപെടൽ കാരണം റബ്ബറിന്റെ ഉൽപാദനത്തിൽ 12.9 ശതമാനം കുറവുണ്ടായി. വിലസ്ഥിരത ഫണ്ട് | കൃഷി |

| | | | |
|---|---|---|---|
| | | അനുവദിച്ചും ഇറക്കുമതി ചുങ്കം വർദ്ധിപ്പിച്ചും റബ്ബർ കർഷകരെ സംരക്ഷിക്കേണ്ട അടിയന്തിര സാഹചര്യത്തിൽ റബ്ബർ കർഷകർക്ക് ഗുണകരമായ രീതിയിൽ ദേശീയ റബ്ബർ നയം രൂപീകരിക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ ഇറക്കുമതി നിയന്ത്രിക്കണമെന്നും ഉൽപാദന ചെലവു കണക്കാക്കി റബ്ബറിന്റെ അടിസ്ഥാന വില പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു." | |
| 3) | ശ്രീ. കെ.എസ്. ശബരീനാഥൻ | "ഐ.ടി. അധിഷ്ഠിത തൊഴിൽ മേഖലയിൽ പുതുതായി ഉണ്ടായിട്ടുള്ള ആഗോള മാറ്റങ്ങളും, സേവന നിയമങ്ങളും സൃഷ്ടിച്ചിരിക്കുന്ന തൊഴിൽ അസ്ഥിരതയും, തൊഴിൽ സാധ്യതാ കുറവും, ഈ മേഖലയിൽ തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കാത്തതു കൊണ്ടും ഇവിടെ പണിയെടുക്കുന്ന ലക്ഷക്കണക്കിന് ആളുകൾ കനത്ത പ്രതിസന്ധി നേരിടുകയാണ്. ഐ.ടി മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി സംസ്ഥാനത്തെ വിദ്യാസമ്പന്നരായ യുവജനങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള ആശങ്ക വളരെ വലുതാണ്. ഈ മേഖലയിലെ പ്രതിസന്ധി തരണം ചെയ്യുന്നതിനും യുവജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിനും കേന്ദ്ര / സംസ്ഥാന സർക്കാരുകളുടെ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാകണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു." | ബഹു.മുഖ്യമന്ത്രി |
| (4) | ശ്രീ. എൽദോ എബ്രഹാം | "സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ-കളുടെ നിലവാരം ഉയർത്തുന്നതിനും, ഐ.ടി.ഐ-കളിൽ പരിശീലനം കഴിഞ്ഞവർക്കുള്ള തൊഴിൽ സാധ്യതയും വ്യാവസായിക മേഖലയിൽ അവർക്ക് തൊഴിൽ ലഭ്യത ഉറപ്പു വരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു" | തൊഴിലും എക്സൈസും |

3) പ്രസ്തുത പ്രമേയങ്ങൾ 19.05.2017-ന് നിയമസഭയിൽ ചർച്ചയ്ക്കായി വരുമ്പോൾ സർക്കാർ സ്വീകരിക്കേണ്ട നിലപാട് മുൻകൂർ തീരുമാനിക്കേണ്ടതുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

19.05.2017-ൽ നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന 1, 2, 3 & 4 എന്നീ അനൗദ്യോഗിക പ്രമേയങ്ങളിന്മേൽ സർക്കാർ എന്തു നിലപാട് സ്വീകരിക്കണം?